**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 934** **18-09-2025 - ൽ മറുപടിയ്ക്ക്**

**പീച്ചാംകോട് അതിദുർബല ഗ്രാമം സമഗ്ര വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ നിയോജകമണ്ഡലത്തിലെ പീച്ചാംകോട് അതിദുർബല ഗ്രാമം സമഗ്ര വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണ്; എന്ന് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ? | (എ) | തരൂർ നിയോജകമണ്ഡലത്തിലെ പീച്ചാംകോട് അതിദുർബല ഗ്രാമം സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണം പുരോഗതിയിലാണ്. 60% നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പീച്ചാംകോട് നായാടി നഗറിലെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികജാതി ദുർബല വിഭാഗത്തിൽപെട്ട 10 കുടുംബങ്ങൾക്ക് നിലവിലെ സ്ഥിതി പരിഗണിച്ച് പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്ന വിഷയവും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ